"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്-സുപ്രഭാതം ദിനപത്രം- പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾ-പ്രത്യേക സപ്ലിമെന്റിലേക്ക് പരസ്യം അനുവദിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.144/2026/TSM തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:- സുപ്രഭാതം ദിനപത്രം മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച 21.02.2026 തീയതിയിലെ അപേക്ഷ.

**ഉത്തരവ്**

പൊതുമരാമത്ത് ടൂറിസം വകുപ്പുകളുടെ വികസന നേട്ടങ്ങൾ, പ്രധാന പദ്ധതികൾ, ഭാവി പ്രവർത്തന രേഖകൾ എന്നിവ ഉൾപ്പെടുത്തി ഒരു പ്രത്യേക സപ്ലിമെന്റ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും പ്രസ്തുത സപ്ലിമെന്റിലേക്ക് വിനോദസഞ്ചാര വകുപ്പിന്റെ പരസ്യം അനുവദിച്ച് നൽകണമെന്നും അഭ്യർത്ഥിച്ച് സുപ്രഭാതം ദിനപത്രം മാനേജിംഗ് ഡയറക്ടർ പരാമർശം പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.സുപ്രഭാതം ദിനപത്രത്തിന്റെ പ്രിന്റ്,ഇ പേപ്പർ,ഡിജിറ്റൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ വഴിയുള്ള വ്യാപകപ്രചാരണം വഴി കേരള ടൂറിസത്തിന്റെ വികസന പ്രവർത്തനങ്ങൾ പ്രചരിപ്പിക്കാനുള്ള സാധ്യത പരിഗണിച്ച്,പൊതുമരാമത്ത് ടൂറിസം വകുപ്പുകളുടെ വികസന നേട്ടങ്ങൾ, പ്രധാന പദ്ധതികൾ, ഭാവി പ്രവർത്തന രേഖകൾ എന്നിവ ഉൾപ്പെടുത്തി സുപ്രഭാതം ദിനപത്രം പ്രസിദ്ധീകരിക്കുന്ന പ്രത്യേക സപ്ലിമെന്റിലേക്ക് പരസ്യം അനുവദിക്കുന്നതിനായി 3452-80-104-98-00-34-03 പി.വി. മാർക്കറ്റിംഗ് (പ്ലാൻ) എന്ന ശീർഷകത്തിൽ ധന പുനർ വിനിയോഗം

വഴിയോ അധിക ധനാഭ്യർത്ഥന വഴിയോ ധന ലഭ്യത ഉറപ്പാക്കി ***₹15,00,000/-***(പതിനഞ്ച് ലക്ഷം രൂപ മാത്രം ) അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം സുപ്രഭാതം ദിനപത്രം മാനേജിംഗ് ഡയറക്ടർ/മാർക്കറ്റിംഗ് മാനേജർ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
സുപ്രഭാതം ദിനപത്രം മാനേജിംഗ് ഡയറക്ടർ ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള,
തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ
പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 04-03-2026 17:36:40
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്